
# ധ്വനി

__The ECHO of josephines_



# LITTLE KITES

ST JOSEPH'S G. H. S CHEN GAL

## PRESENTS


WELCOME

# സെന്റ് ജോസഫ്സ് ജി.എച്ച്.എസ് ചെങ്ങൽ



**ആദിശങ്കരന്റെ ജന്മംകൊണ്ട് ലോകം മുഴുവൻ പ്രസിദ്ധമായ കാലടിയുടെ ഹൃദയഭാഗത്ത് വി. ചാവറ പിതാവിന്റെ ദീർഘവീക്ഷണത്തിൽ രൂപീകൃതവും സി.എം.സി സിസ്റ്റേഴ്സിന്റെ പരിലാളനത്താൽ പടർന്ന് പന്തലിച്ചതുമായ ഞങ്ങളുടെ സ്കൂൾ.**



## സെന്റ് ജോസഫ്സ് സ്കൂളിന്റെ വഴികാട്ടിയും സംരക്ഷകനുമായ വി. ഔസേപ്പിതാവേ........

# VISION



IS TO BRING FORTH

INTELLECTUALLY CREATIVE
EMOTIONALLY MATURE
MORALLY RESPONSIBLE
SPIRITUALLY EN-LIGHTED
SOCIALLY COMMITTED &
TRULY LIBERATED

YOUNGSTERS, ESPECIALLY GIRLS THE FUTURE MOTHERS, WHO PLAY A VITAL ROLE FOR THE TRANSFORMATION OF SOCIETY AND NATION.



# MISSION

TO PROMPT THE STUDENTS TO BE

PHYSICALLY
MENTALLY
SPIRITUALLY
SOCIALLY
CULTURALLY &
AESTHETICALLY

MATURED THROUGH EDUCATION.



## വിദ്യാലയത്തിന്റെ സാരഥി ഹെഡ്മിസ്ട്രസ്
## സിസ്റ്റർ ജെസ്സിൻ

# സെന്റ് ജോസഫ്സ് ജി.എച്ച്. എസ് ചെങ്ങൽ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-21



# എഡിറ്റോറിയൽ അംഗങ്ങൾ



# ഉള്ളടക്കം


- ആമുഖം
- ആശംസകളോടെ......
- ആശംസകളോടെ......
- പ്രവേശനോത്സവം
- പരിസ്ഥിതി ദിനം
- വായനാദിനം
- ജൈവവൈവിധ്യ ഉദ്യാനം
- ചരിത്രമ്യൂസിയം
- ശിശു ദിനം
- ഗാന്ധിജയന്തി /ഹരിതകേരളയജ്ഞം
- സ്മാർട്ടമ്മ പരിശീലനം
- ബോധവത്കരണക്ലാസ്സുകൾ
- ഫീസ്റ്റ് ആഘോഷം
- സ്കൂൾ തലമേളകൾ
- ലഹരി വിരുദ്ധ ക്യാമ്പസ്
- യോഗാദിനം
- സർഗ്ഗവിസ്മയം
- മെൻഡലീവിയ 2019

- സ്കൂൾ കലോത്സവം 2019
- ഹിരോഷിമ ദിനം
- പാർലമെന്റ് ഇലക്ഷൻ
- പ്രളയവാർഷികം
- സ്വാതന്ത്ര്യദിനാഘോഷം
- ഓണാഘോഷം
- കേരളപ്പിറവി / തുള്ളൽ ശില്പശാല
- ക്രിസ്തുമസ് - ന്യൂ ഇയർ
- ചിത്രശാലയിലൂടെ
- എന്റെ ഗുരുനാഥൻ
- അമ്മ മലയാളം
- സൗഹൃദം
- ചിരസ്മരണ
- മനുഷ്യൻ മറന്ന ഋതുഭേദങ്ങൾ
- മഹത് വചനങ്ങൾ
- പ്രിലിമിനറി ക്ലാസ്സ്
- ഏകദിന ക്യാമ്പ്
- പ്രിലിമിനറി ക്ലാസ്സ്
- പ്രതിഭകളെ ആദരിക്കൽ
- ഗുരുശ്രേഷ്ഠർക്ക് യാത്രാമംഗളങ്ങൾ
- നന്ദി

# ആമുഖം

പ്രിയപ്പെട്ടവരെ,

109-ാമത്തെ വയസ്സിൻ നിറവിലായിരിക്കുന്ന അക്ഷരമുത്തശ്ശിയാണ് ഞങ്ങളുടെ വിദ്യാലയമായ സെന്റ് ജോസഫ്സ് ജി. എച്ച്. എസ്, ചെങ്ങൽ.

2019-2020 അദ്ധ്യയന വർഷത്തിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ച്ക്കൊണ്ട് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനാണ് "ധ്വനി".

പഠനത്തിനപ്പുറം പാഠ്യേതര പ്രവർത്തനങ്ങളിലും മുന്നേറിനിൽക്കുന്ന ഈ ഉത്തമഗുരുകുലത്തിന്റെ അകത്തളങ്ങളിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുകയാണ് "ധ്വനി".

സ്നേഹപൂർവം ,

എഡിറ്റർ

# ആശംസകളോടെ....

വിദ്യാഭ്യാസം ഉയരങ്ങൾ കീഴടക്കി കഴിഞ്ഞു. സകലതും വിരൽത്തുമ്പിലായി. വിവരസാങ്കേതിക വിദ്യ കുട്ടികളെ അറിവിന്റെ ലോകത്തിലേക്ക് ആനയിക്കുന്നു എന്നത് ചാരിതാർത്ഥ്യമാണ്. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ വരയും വർണ്ണവും ആയി ഡിജിറ്റൽ ആക്കി സെന്റ് ജോസഫ്സിലെ ലിറ്റിൽ കൈറ്റ്സ് വിഭാഗം കുട്ടികൾ "ധ്വനി" എന്ന മാഗസിൻ തയ്യാറാക്കുന്നു. നിങ്ങളുടെ എല്ലാ പ്രവർത്തനത്തിനും പ്രത്യേകിച്ച് ധ്വനി എന്ന മാഗസിനും എല്ലാവിധ ആശംസകളും നേരുന്നു. നിങ്ങളെയും നിങ്ങൾക്കു നേതൃത്വം നൽകുന്ന അധ്യാപകരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു........

എന്ന്,
ഹെഡ്മിസ്ട്രസ്
സി. ജെസ്മിൻ

# ആശംസകളോടെ....

വിജ്ഞാന വിസ്ഫോടനത്തിന്റെ ഇന്നത്തെ കാലഘട്ടത്തിന്റെ വിവരസാങ്കേതിക വിദ്യയുടെ നവ സാധ്യതകളെ പ്രയോജനപ്പെടുത്തി അറിവുകളെ തിരിച്ചറിവുകളാക്കി സമൂഹത്തിലേക്ക് പകർത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്. സർഗ വാസനകളെ...... അക്ഷരവായനകൾക്കപ്പുറമുള്ള വിസ്മയ കാഴ്ചകളിലേക്ക്....... വർണവരികളിലേക്ക്....... മനസ്സിന്റെ താളങ്ങളിലേക്ക് ......... ഡിജിറ്റൽ മാഗസിനിലേക്ക്...... രൂപപ്പെടുത്തുന്നതിനുള്ള ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ എല്ലാവിധ ക്രിയാത്മകപ്രവർത്തനങ്ങൾക്ക് ഭാവുകങ്ങളും അഭിനന്ദങ്ങളും...... ധ്വനി എന്ന മാഗസിന് കൈറ്റ് മാസ്റ്റേർസ് എന്ന നിലയിൽ എല്ലാവിധ ആശംസകൾ നേരുന്നു..........

കൈറ്റ് മാസ്റ്റേർസ്,



ഷൈജി ജോസഫ്
സി. ഡിൻസി

# പ്രവേശനോത്സവം

അറിവിന്റെ വിസ്മയ ലോകത്തേക്ക് കുരുന്നുകളെ ആകർഷിച്ചുകൊണ്ട് അദ്ധ്യയന വർഷാരംഭത്തിൽ പ്രവേശനോത്സവംസാഘോഷം കൊണ്ടാടുകയുണ്ടായി. കാഞ്ഞൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. പി. ലോനപ്പൻ ഉദ്ഘാടനം ചെയ്തു. ലോക്കൽ മാനേജർ സിസ്റ്റർ. റാണി ഗ്രെയ്സ് അദ്ധ്യക്ഷത വഹിച്ചു.നവാഗതർക്ക് സ്വാഗതം ആംശസിച്ചുകൊണ്ടും മധുരപലഹാരങ്ങൾ വിതരണം ചെയ്തുകൊണ്ടും ഹെഡ്മിസ്ട്രസ് സിസ്റ്റർ ജെസ്മിൻ സംസാരിച്ചു.



# പരിസ്ഥിതി ദിനാഘോഷം

പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും പരിരക്ഷിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ദിനാചരണം ഫാ.ജോൺ പുതുവ വൃക്ഷതൈ നട്ട് ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞൂർ മേഖലാതലത്തിൽ നിന്നും ഗ്രോബാഗ്, വെർമികമ്പോസ്റ്റ്, പച്ചക്കറിത്തോട്ടം നിർമ്മാണം, ഔഷധസസ്യപരിപാലനം, വൃക്ഷത്തൈവിതരണം,വിത്തിനങ്ങളുടെ വിതരണം എന്നിവ നടന്നു. ജലവിഭവങ്ങൾ, ജലസ്രോതസ്സുകൾ, പ്രകൃതി സമ്പത്തുകൾ, കൃഷിയിടങ്ങൾ ഇവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവത്ക്കരണക്ലാസ് സിസ്റ്റർ നൈബിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ക്ലബ് നടത്തി.



# വായനാദിനം

വായിച്ച് വളരുക, ചിന്തിച്ച് പ്രബുദ്ധരാകുക എന്ന ലക്ഷ്യത്തോടെ 'സഞ്ചരിക്കുന്ന ലൈബ്രറി' പദ്ധതിക്ക് വായനാദിനത്തിൽ തുടക്കം കുറിച്ചു.

മരിച്ചുകൊണ്ടിരിക്കുന്ന വായനയെ ജനമദ്ധ്യത്തിലെത്തിക്കുവാൻ 'പുസ്തക സൈക്കിൾ റാലി' സംഘടിപ്പിച്ചു. കുട്ടികൾ വീടുതോറും കയറിയിറങ്ങി പുസ്തകവിതരണം നടത്തി. ക്വിസ്, കവിതാലാപനം, പോസ്റ്റർനിർമ്മാണം തുടങ്ങിയ പരിപാടികളോടെ വായനാദിനം വർണ്ണാഭമായി കൊണ്ടാടി.



# ജൈവവൈവിധ്യ ഉദ്യാനം

അടുക്കളത്തോട്ടം, ഔഷധതോട്ടം, പൂന്തോട്ടം, മീൻകുളം, പക്ഷിക്കൂട് എന്നിങ്ങനെ ജൈവവൈവിധ്യ ഉദ്യാനം ഈ വർഷത്തെ പുതിയ സംരംഭമായിരുന്നു. കുട്ടികളെ പ്രകൃതിയുമായി അടുപ്പിക്കുവാനും അടുക്കളതോട്ട പരിരക്ഷയിലൂടെ വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുവാനും കുട്ടികൾ പഠിക്കുന്നു.



# ചരിത്രമ്യൂസിയം

പഴമയുടെ നന്മകളെ ചേർത്തുനിർത്തി പുതുതലമുറയ്ക്ക് ചരിത്രത്തിലേക്ക് എത്തിനോക്കുവാൻ സാധിക്കുന്ന വിധം സംവിധാനം ചെയ്ത് ആവിഷ്കരിച്ചതാണ് ചരിത്രമ്യൂസിയം. ആലുവ വിദ്യഭ്യാസജില്ലാ ഓഫീസർ ശ്രീ. സുബിൻ പോൾ ഉദ്ഘാടനം നിർവഹിച്ചു. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നിർമിച്ച Q. R code പൊതുജനങ്ങൾക്ക് അന്നേദിവസം പ്രദർശിപ്പിച്ചു.



# ശിശുദിനാഘോഷം

മികച്ച ബാലതാരം മാസ്റ്റർ ആദിഷ് പ്രവീൺ ഉദ്ഘാടനം നിർവഹിച്ചു. ശിശുദിനാഘോഷ പരിപാടികൾ നവംബർ 14-ന് കൊണ്ടാടി. കുരുന്നുപ്രതിഭകൾ മികവ് തെളിയിച്ചു. മധുര പലഹാരങ്ങൾ വിതരണം ചെയ്തു. സമ്മാനങ്ങൾ നൽകിയും ഈ ദിവസത്തെ വർണ്ണാഭമാക്കാൻ സാധിച്ചു.






# ഗാന്ധിജയന്തി / ഹരിതകേരളയജ്ഞം

ഗാന്ധിജിയുടെ 150 ചരമവാർഷികത്തോടനുബന്ധിച്ച് പത്തിനം പരിപാടികൾക്ക് വിദ്യാലയം നേതൃത്വം നൽകി. പ്ലാസ്റ്റിക് നിർമ്മാർജ്ജനം, ശുചികരണപാരിപാടികൾ, ബോധവൽകരണക്ലാസ്സ്, ഭക്ഷ്യമേള, സൈക്കിൾ റാലി, പാഴ്‌വസ്തുക്കളുടെ ശേഖരണം, ഉപയോഗശൂന്യമായ അസംസ്കൃതവസ്തുകൾ കൊണ്ടുള്ള കരലവേലകളുടെ പ്രദർശനം, നിർധനർക്ക് പൊതിച്ചോറ്,ഹരിതയജ്ഞ പ്രതിജ്ഞ എന്നിവ നടന്നു. കാലടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.എം. പി. ലോനപ്പൻ പാരിപാടിയിൽ സന്നിഹിതനായിരുന്നു.



# സ്മാർട്ടമ്മ പരിശീലനം

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ Q. R code, സമഗ്ര, വിക്ടേഴ്സ് സ്ക്രീൻ ക്യാസ്റ്റിങ്ങ് എന്നിങ്ങനെയുള്ള വ്യത്യസ്ത പഠനവിഭവങ്ങളെ അമ്മമാർക്ക് പരിചയപ്പെടുത്തി.



# ബോധവത്കരണ ക്ലാസ്സുകൾ

കേരള പോലീസ് അസോസിയേഷന്റെ നേതൃത്വത്തിൽ സൈബർ ബോധവത്കരണ ക്ലാസ്സ് നടന്നു. ബഹു. ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് IPS ഉദ്ഘാടനം നിർവഹിച്ചു. ലൈംഗിക ബോധവത്കരണ സെമിനാർ ഡോ.സി.ഗീതയുടെ നേതൃത്വത്തിൽ നടന്നു. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന സൈബർ ലൈംഗിക കുറ്റകൃത്യങ്ങളെ കുറിച്ചുള്ള അവബോധം കുട്ടികൾക്ക് ലഭിച്ചു. മിസ്റ്റർ ഹരിദാസ് നായർ നയിച്ച മോട്ടിവേഷൻ ക്ലാസ്സിൽ പത്താം ക്ലാസ്സ് വിദ്യാർഥിനികൾ പങ്കെടുക്കുകയും ഭാവിയെ വാർത്തെടുക്കുന്നതിൽ ദിശാബോധം ഉള്ളവരായി തീരുകയും ചെയ്തു.



# ഫീസ്റ്റ് ആഘോഷം

ഹെഡ്മിസ്ട്രസ്സ് സി. ജൈസ്മിൻ, ലോക്കൽ മാനേജർ റവ. സി. റാണി ഗ്രേയ്സ് എന്നിവരുടെ നാമഹേതുക തിരുനാൾ വിവിധ പാരിപാടികളോടെ കൊണ്ടാടി. വിശുദ്ധ കുർബ്ബാന, ആശംസകളർപ്പിക്കൽ, കലാപരിപാടികൾ, മധുരപലഹാരവിതരണം എന്നിവ നടന്നു.





# സ്കൂൾതലമേളകൾ

സയൻസ്, ഗണിതം, സാമൂഹ്യപാഠം, പ്രവൃത്തി പരിചയം എന്നീ വിഷയങ്ങളിൽ സ്കൂൾതല മേളകൾ വിവിധ വിഭാഗങ്ങൾക്കായി നടത്തപ്പെട്ടു. മികച്ച ഇനങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുകയും ഉപജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.





# ലഹരി വിരുദ്ധ ക്യാമ്പസ്

ലഹരി വിരുദ്ധ സന്ദേശം സമൂഹത്തിൽ പകരുവാനായി ജൂൺ 16 ലഹരി വിരുദ്ധ ദിനമായി സ്ക്രൂളിൽ ആചരിച്ചു. സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ പോസ്റ്റർ നിർമ്മാണം, സൈക്കിൾ റാലി, ലീഫ് ലെറ്റ് വിതരണം, ബോധവത്ക്കരണക്ലാസ്സ് എന്നിവ സംഘടിപ്പിക്കപ്പെട്ടു. ഗൈഡ്സ് ക്യാപ്റ്റൻ സിസ്റ്റർ അമൽ ഗ്രെയ്സ് ലഹരി വിരുദ്ധ സന്ദേശം നൽകി. ഹെഡ്മിസ്ട്രസ്സ് സി. ജെസ്മിൻ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ലഹരി വിരുദ്ധ ക്യാമ്പസ്സായി വിദ്യാലയത്തെ പ്രഖ്യാപിക്കുകയും ചെയ്തു.





# യോഗാ ദിനം

അന്താരാഷ്ട്ര യോഗാദിനത്തോടനുബന്ധിച്ച് കേരള സർക്കാരിന്റെ ആയുഷ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാലയത്തിൽ യോഗാദിനം ആചരിച്ചു. പുതിയേടം ഗവ. ആയുർവേദ ആശുപത്രിയിലെ സീനിയർ മെഡിക്കൽ ആയുർവേദ ഡോ. ഇന്ദിര ഉദ്ഘാടനം നിർവഹിച്ചു . ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ യോഗാഭ്യാസനം ജീവിതത്തിന്റെ ഭാഗമാക്കാൻ അവർ ആഹ്വാനം ചെയ്തു. പ്രശസ്ത യോഗാപരിശീലകൻ മിസ്റ്റർ ശ്രീജിത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് യോഗ പരിശീലനം നൽകി.





# സർഗ്ഗവിസ്മയം

ശ്രീമൂലനഗരം മോഹനൻ ഉദ്ഘാടനം ചെയ്ത സർഗ്ഗവിസ്മയം സാഹിത്യസമാജത്തിന്റേയും വിവിധ ക്ലബ്ബുകളുടേയും സംയുക്തദിനാചരണം ജൂലൈ 6-ന് സംഘടിപ്പിക്കപ്പെട്ടു. ലോക്കൽ മാനേജർ റവ. സി. റാണിഗ്രെയ്സ് അദ്ധ്യക്ഷയായിരുന്ന യോഗത്തിൽ സി. ജെസ്മിൻ, കാലടി പള്ളി വികാരി റവ. ഫാ. ജോൺ പുതുവ എന്നിവർ സംസാരിച്ചു. ഓരോ ക്ലബ്ബിന്റേയും ആഭിമുഖ്യത്തിൽ കലാപരിപാടികളും വിജ്ഞാന വർദ്ധകമായ മറ്റിനങ്ങളും സംഘടിപ്പിക്കപ്പെട്ടു. പൊതിയക്കര സ്നേഹസദൻ സ്പെഷ്യൽ സ്കൂളിലെ കുട്ടികളുടെ ഗ്രൂപ്പ് ഡാൻസും മറ്റ് കലാപരിപാടികളും സർഗ്ഗവിസ്മയത്തിന് മാറ്റുകൂട്ടി. ഭിന്നശേഷിക്കാരായ കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികസനത്തിനും പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് ജോസഫൈൻസ് ഫാമിലി സ്നേഹസദൻ സ്കൂളിന് സഹായധനം വാഗ്ദാനം ചെയ്തു.






# മെൻഡലീവിയ 2019

പീരിയോഡിക് ടേബിളിന്റെ 150-ാം വാർഷികവുമായി ബന്ധപ്പെട്ട് ചെങ്ങൽ സ്കൂൾ വേദിയാക്കി ഒരു ഇന്റർ സ്കൂൾ കോമ്പറ്റീഷൻ സംഘടിപ്പിച്ചു. പി.റ്റി.എ. പ്രസിഡന്റ് കെ. എസ്. ദിലീപ് ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ അസിസ്റ്റന്റ് ഹെഡ്മിസ്ട്രസ് സി. നൈബി അദ്ധ്യക്ഷത വഹിച്ചു. കുട്ടികൾ തയ്യാറാക്കിയ കയ്യെഴുത്തുമാസിക "ബ്ലിസ്സ്ഫുൾ ഗ്ലിംസസ് "-ന്റെ പ്രകാശനം ജ്ഞാനോദയ സെൻട്രൽ സ്കൂൾ പ്രിൻസിപ്പാൾ സി. നവ്യ റോസ് നിർവഹിച്ചു. ശാസ്ത്രവിഷയങ്ങളുടെ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച ഇന്റർ സ്കൂൾ കോമ്പറ്റീഷൻ-ൽ അതിഥികളായെത്തിയ സെന്റ് ജോസ്സ് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ കാഞ്ഞൂർ ഒന്നാം സ്ഥാനത്തെത്തി. രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ചെങ്ങൽ സ്കൂളിനും വിജയികളായ മറ്റ് വിദ്യാർഥികൾക്കും മേരിമാത കോർപ്പറേറ്റ് എഡ്യൂക്കേഷൻ കൗൺസിലർ സി. ജയാറോസ് പുരസ്കാരങ്ങൾ നൽകി അഭിനന്ദിച്ചു. ആധുനിക പീരിയോഡിക് ടേബിളിന്റെ ചരിത്ര വഴികളിലൂടെ സഞ്ചരിച്ചു കൊണ്ടുള്ള 'എലമെന്റ്സ് ' എന്ന ദൃശ്യവിരുന്ന് കുട്ടികളൊരുക്കി.



# വാട്ടർ ബെൽ

ക്ലാസ്സ് ആരംഭിക്കുവാനും അവസാനിക്കുവാനും മാത്രമല്ല ആരോഗ്യം ശ്രദ്ധിക്കുവാനുമുള്ള ഓർമ്മപ്പെടുത്തലിന്റെ ആവശ്യകതയാണ് വാട്ടർബെല്ലിന്റെ തുടക്കം. മണി മുഴങ്ങുന്നതോടെ കുട്ടികൾ വാട്ടർ ബോട്ടിലിൽ നിന്ന് വെള്ളം കുടിക്കുവാനുള്ള സന്ദേശമാണ് കാലടി പള്ളി വികാരി ഫാ. ജോൺ പുതുവ മുന്നോട്ടു വച്ചത്. വെള്ളം ധാരാളം കുടിക്കുന്നവരുടെ ഇടയിൽ രോഗങ്ങൾ കുറയുമെന്നുമുള്ള മെഡിക്കൽ സയൻസ് നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിലായിരുന്നു ഈ ആഹ്വാനം. ദിവസത്തിൽ 2 നേരം 11 മണിയ്ക്കും, 3 മണിയ്ക്കും ബെൽ കേൾക്കുമ്പോൾ കുട്ടികൾ കുടിയ്ക്കുകയും നിർജ്ജലീകരണം മൂലമുള്ള രോഗങ്ങളെക്കുറിച്ചും, രോഗകാരണങ്ങളെക്കുറിച്ചുമുള്ള അവബോധം സമൂഹത്തിൽ എത്തിക്കുകയും ചെയ്യുന്നു.





# സ്കൂൾ കലോത്സവം 2019

കുട്ടികളിൽ ഒളിഞ്ഞ് കിടക്കുന്ന സർഗ്ഗവാസനകളെ കണ്ടെത്തുവാനും വളർത്തുവാനുമുള്ള സ്കൂൾ യുവജനോത്സവം വിവിധ കലാപരിപാടികളോടെ നടത്തുകയുണ്ടായി. പി.ടി.എ. പ്രസിഡന്റ് ശ്രീ. കെ. എസ്. ദിലീപ് ഉദ്ഘാടനം നിർ വഹിക്കുകയും ഹെഡ്മിസ്ട്രസ് സി.ജെസ്മിൻ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. 8 വേദികളിലായി നടന്ന വിവിധ കലായിനങ്ങളിൽ കുട്ടികൾ മാറ്റുരയ്ക്കുകയും മികവ് തെളിയിക്കുകയും ചെയ്തു.





# ഹിരോഷിമ ദിനം

യുദ്ധം മാനവരാശിക്ക് വരുത്തിവയ്ക്കുന്ന വിനകളെക്കുറിച്ച് മനസ്സിലാക്കുവാനും ലോകസമാധാനത്തിനുവേണ്ടി നിലകൊള്ളുവാനും കുട്ടികളെപ്രാപ്തരാക്കുന്നതായിരുന്നു ഹിരോഷിമാദിനാചരണം. സ്നേഹവും സാഹോദര്യവും പുലർത്തുന്ന നല്ല നാളെയെ ഊട്ടി വളർത്തുന്ന വരാകണം പുതുതലമുറയെന്ന സന്ദേശം കുമാരി ഭാഗ്യലക്ഷ്മി നൽകി. കുട്ടികൾ സുഡാക്കോ കൊക്കുകൾ ഉണ്ടാക്കി സ്ക്കൂൾ അങ്കണം അലങ്കരിച്ചു.





# പാർലമെന്റ് ഇലക്ഷൻ

സ്കൂൾ പാർലമെന്റ് രൂപീകരണത്തിനും നടത്തിപ്പിനുമുള്ള ചട്ടങ്ങളും മാർഗ്ഗങ്ങളും സംബന്ധിച്ച ഉത്തരവ് പ്രകാരം ഈ അദ്ധ്യയന വർഷത്തെ പാർലമെന്റ്ഇലക്ഷൻ സെപ്റ്റംബർ മാസം നടന്നു. ഇൻഡ്യൻ പാർലമെന്റ് ഇലക്ഷൻ സമ്പ്രദായത്തിന്റെ ചുവടുപിടിച്ച് രഹസ്യപാലറ്റിലൂടെയാണ് വോട്ടുകൾ രേഖപ്പെടുത്തിയത്. പ്രിസൈഡിംഗ് ഓഫീസർ സി.ജെസ്സിൻ ഇലക്ഷന് നേതൃത്വം നൽകി . ജ്യോതിലക്ഷ്മി സി. ഷൺമുഖൻ ചെയർപേഴ്സണായും നിമിത ലൈജു വൈസ് ചെയർപേഴ്സണായും ക്രിസ്റ്റോ റോബി ബോയ്സ് റപ്രസെന്റേറ്റീവായും തിരഞ്ഞെടുക്കപ്പെടുകയും സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു.





# പ്രളയവാർഷികം

കേരളത്തെ ഒന്നാകെ വിഴുങ്ങിയ 2018 ആഗസ്റ്റ് 15 ലെ പ്രളയദിനങ്ങളെ ഓർമ്മിക്കുമാറ് ഭീകരനാശം വടക്കൻ ജില്ലകളിൽ വിതച്ച് ഈ വർഷവും ദുരന്തമെത്തി. പുത്തുമലയിലും കവളപ്പാറയിലും ഉണ്ടായ ഉരുൾ പൊട്ടലിലും മണ്ണിടിച്ചിലിലും മരണപ്പെട്ടവർക്കും ഒറ്റപ്പെട്ടവർക്കും നിരാശ്രിതർക്കും നിത്യോപയോഗ സാധനങ്ങൾ അടക്കമുള്ള കിറ്റുകൾ സമാഹരിക്കുകയും അത് ആവശ്യക്കാരന് എത്തിച്ചുകൊടുക്കുന്നതിനും സ്കൂൾ അധികൃതരും അദ്ധ്യാപകരും വിദ്യാർത്ഥികളും മുൻകൈയെടുത്തു.




# സ്വാതന്ത്ര്യദിനാഘോഷം

ഇന്ത്യയുടെ 73 - ാം സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ ആഗസ്റ്റ് 15 ന് സ്കൂൾ അങ്കണത്തിൽ നടത്തപ്പെട്ടു. ലോക്കൽ മാനേജർ സി. റാണിഗ്രേയ്സ് സ്വാതന്ത്ര്യദിന സന്ദേശം നൽകി പതാക ഉയർത്തി. സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ഡിസ്പ്ലേ, മാർച്ച് പാസ്റ്റ്, ത്രിവിധ ഭാഷകളിലെ പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കപ്പെട്ടു. പി.റ്റി.എ എക്സിക്യൂട്ടിവ്, ടീച്ചേഴ്സ്, കുട്ടികൾ എല്ലാവർക്കും മധുരപലഹാരങ്ങൾ വിതരണം ചെയ്തു.




# ഓണാഘോഷം

ഓണാഘോഷം വിവിധ മത്സരങ്ങളോടെയും പരിപാടികളോടെയും നടത്തപ്പെട്ടു. പൂക്കളമിട്ട് സദ്യയൊരുക്കി ഓണത്തപ്പനെ വരവേറ്റു. രുചികരമായ സദ്യയും പായസവും ഓണക്കളികളും ഓണഘോഷത്തിന് നിറവേകി. പി.റ്റി.എ എക്സിക്യൂട്ടീവ് അംഗങ്ങളും മറ്റ് രക്ഷകർത്താക്കളുടെയും സന്നദ്ധസഹകരണങ്ങൾ ഓണാഘോഷത്തിന് നിറവേകി.



# കേരളപ്പിറവി - തുള്ളൽ ശില്പശാല

മലയാളദിനാഘോഷവും ഭരണഭാഷാദിനാഘോഷവും വിവിധപരിപാടികളോടെ നടത്തപ്പെട്ടു. തുള്ളൽ ശില്പശാല ശ്രീ. പ്രദീപ് ആറാട്ടുപുഴയുടെ നേതൃത്വത്തിൽ നടന്നു. മൃദംഗം കലാകാരൻ കലാമണ്ഡലം ഉണ്ണിക്കുട്ടൻ, വായ്പ്പാട്ട് അവതരിപ്പിച്ച നന്ദൻ പെറുശ്ശേരി, സുഭാഷ് പെറുശ്ശേരി എന്നിവരടങ്ങിയ ടീം കല്ല്യാണസൗഗന്ധികം ഓട്ടൻതുള്ളൽ കഥയാണ് വേദിയിൽ അവതരിപ്പിച്ചത്.
മലയാളവാരാഘോഷത്തിന്റെ ഭാഗമായി സാഹിത്യക്വിസ് , ചാർട്ട് പ്രദർശനം, വായനക്കുറിപ്പ് മ ത്സരം, മലയാള ടൈപ്പിംഗ് പരിശീലനക്ലാസ്, പ്രഭാഷണം, കാവ്യാലാപനം , വാരാഘോഷപ്രതിജ്ഞ എന്നിവ നടത്തപ്പെട്ടു.




# ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷം

തിരുപ്പിറവി ആഘോഷങ്ങൾ വിവിധ പരിപാടികളോടെ വിദ്യാലയത്തിൽ കൊണ്ടാടി. കുട്ടികൾ ഉണ്ടാക്കിയ നക്ഷത്രങ്ങൾകൊണ്ട് വിദ്യാലയം അലങ്കരിക്കപ്പെട്ടു. പുൽക്കൂടൊരുക്കി നക്ഷത്രവിളക്കുകൾ തെളിയിച്ച്, കരോൾ ഗാനമാലപിച്ച് വിവിധയിനം കലാപരിപാടികളോടെ ക്രിസ്തുമസ് ആഘോഷിച്ചു. ക്രിസ്തുമ സ് ഫ്രണ്ടിന് സമ്മാനങ്ങൾ കൈമാറിയും കേക്ക് മുറിച്ചും സൗഹൃദം പങ്കിട്ടു.






# ചിത്രശാലയില്ലൂടെ.......










പാർവതി ഷൈജു IX C







അദ്രിക മനോജ്

*IX B*

# എന്റെ ഗുരുനാഥൻ

"എന്റെ ജീവിതമാണ് എന്റെ സന്ദേശം "

ലോകത്തെ ഒരു തറവാടായി കണ്ട മഹാത്മാവാണ് ഗാന്ധിജി. എളിമാണ് അദ്ദേഹം ഉയർച്ചയുടെ അടിസ്ഥാനമായി കണ്ടത്. കർമ്മയോഗത്തിൽ മുഴുകിയ ഗാന്ധിജി യോഗവിദ്യ അറിയുന്നവനാണ്. മറ്റുള്ളവരുടെ നന്മമാത്രം ലക്ഷ്യമാക്കി പ്രത്നിച്ച കർമ്മയോഗിയായിരുന്നു ആയുധമില്ലാതെ  ധർമ്മയുദ്ധം നടത്തുന്നവനും പുസ്തകമില്ലാതെ അറിവ് പകരുന്നവനും ഔഷധമില്ലാതെ രോഗം ശമിപ്പിക്കുന്നവനുമാണ്  ഗാന്ധിജി. ക്രിസ്തുദേവന്റെ പരിത്യാഗശീലം, കൃഷണന്റെ ധർമ്മരക്ഷോപായവും, ബുദ്ധന്റെ അഹിംസയും ശങ്കരാചാര്യരുടെ ബുദ്ധിശക്തിയും മുഹമ്മദിന്റെ സ്ഥൈര്യവും എല്ലാം ഒത്തുചേർന്ന്  വ്യക്തിയാണ് ഗാന്ധിജി. ശാന്തിയാണ് അദ്ദേഹത്തിന്റെ പരദേവത....



# അമ്മ മലയാളം

പുതുപുലരിയായ്, നറുനൻമയായ്,
വാനിലുദിച്ചുയരും
എന്റെ മലയാളം

സ്നേഹം ചൊരിഞ്ഞ രാവിനും
പകലിനുമൊരു കൂട്ടായ്
കവിതതൻ കൈപിടിച്ച് ഉയർത്തുന്ന
എന്റെ മലയാളമേ......

മാനത്തുതാരകം പുഞ്ചിരിക്കും നേരം
മുല്ലതൻ ചുണ്ടിൽ
നറുമണം വിരിഞ്ഞു
മലയാളകരയിലാകെ
പൊൻ തിളക്കം.....

വീണാനാദം ഒഴുകിവരും
വീഥികളോ മലയാളഭാഷതൻ
കാവ്യശൈലിയായ്
വിളങ്ങിനിൽപ്പൂ..............




– അഗ്രിഷ പി. എസ് VIII B

# സൗഹൃദം

നല്ല സൗഹൃദ ബന്ധങ്ങൾ ജീവിതത്തിൽ സന്തോഷവും ആനന്ദവും പ്രദാനം ചെയ്യുന്നു. കൊച്ചു കുട്ടികളിൽ നിന്ന് തുടങ്ങി വാർദ്ധക്യത്തിലെത്തി നിൽക്കുന്നവർക്ക് വരെ സൗഹൃദ ബന്ധങ്ങൾ നിലനിൽക്കുന്നു.ചെറിയ പുഞ്ചിരിയിൽ നിന്ന് തുടങ്ങിയ ബന്ധങ്ങൾ ചിലരെങ്കിലും ഒരിക്കലും വേർപിരിയുന്നില്ല.

ഒരിക്കലും വാടാത്ത പൂപോലെ ആരും പറയാത്ത കഥപോലെ ഇതുവരെ പറയാത്ത,കാണാത്ത സ്വപ്നം പോലെ എന്നും എപ്പോഴും മായാതെ നിൽക്കട്ടെ

നമ്മുടെ സൗഹൃദം.......



- ദിന ഷാനവാസ് VIII E

# ചിരസ്മരണ

ഇന്നലെകളുടെ ഓർമ്മ-
തൻ മുത്തുച്ചിപ്പികൾ.......
ഓർത്തെടുക്കുന്നു ഞാൻ..........
വീണുടഞ്ഞ കുപ്പിവളച്ചില്ലുകൾ.........
ജാതിതൻ തോട്ടത്തിൽ
ഉപേക്ഷിച്ച ജാതികൾ........
ആ..................
കഴിഞ്ഞൊരു ബാല്യം..........
ഓർത്തെടുക്കുന്നു ഞാൻ..........
ചെളിയിൽ ചാടി......
ആനന്ദം ഊതി, കുമിളകൾ പൊട്ടിച്ച്
ചെളിപറ്റിയ........
ഉടുപ്പിന്റെ പോക്കറ്റിൽ.........
നനഞ്ഞ കടലാസിൽ,ഒളിച്ചിരുന്നൊരാ.......
അലിഞ്ഞ മിഠായികൾ......
ചെറു ചെറു കുസൃതികൾ
കരുതലിൻ കൈകൾ.......

ഇന്നും ആ ഓർമ്മ-
തൻ മുത്തുകൾ.......
എന്നുള്ളിലിന്നും
ഓർമകളായി.....
പൂമ്പാറ്റകളായി..........

ഇതാ എന്റെ ബാല്യകാലം........................



- ഫാത്തിമ നൗഷാദ് VIII C

# മനുഷ്യൻ മറന്ന ഋതുഭേദങ്ങൾ

നമുക്ക് ജന്മം നൽകിയ അമ്മയിൽ കാണേണ്ട വിശിഷ്ട വ്യക്തിത്വം "പ്രകൃതി."

ആദ്യ കാലങ്ങളിൽ മനുഷ്യൻ പ്രകൃതിയിൽ നിന്നാണ് വ്യത്യസ്ത ഭാവങ്ങൾ സ്വായത്തമാക്കി അവ തന്റെ കൂട്ടരോട് ഇണങ്ങി ചേരാൻ അവനെ ഏറെ സഹായകമായി. സ്നേഹം,ആനന്ദം,സമാധാനം,ക്ഷമ തുടങ്ങിയ പുണ്യങ്ങളും സഹോദരസ്നേഹം, മാനവികത തുടങ്ങിയ സമസ്ത മൂല്യങ്ങളും അവർ പ്രകൃതിയിൽ നിന്ന് അഭ്യസിച്ചു. ഒത്തൊരുമയുടെയും സ്നേഹത്തിന്റെ വിവിധ ഭാവങ്ങൾ അവനിൽ ഇണങ്ങിചേർന്നു പ്രകൃതിയെ മാത്രമല്ല തന്റെ ചുറ്റുപാടുകളെയും മറ്റുവള്ളവരെയും തന്നെപ്പോലെ സ്നേഹിക്കാൻ അവൻ പഠിച്ചു.

കാത്തുപാലിക്കുകയും സംരക്ഷിക്കുകയുംചെയ്യേണ്ട പ്രകൃതിയെ അല്ലേ നാം നിഷ്ഠൂര പ്രവൃത്തികളിലൂടെ ഉന്മൂലനം

ചെയ്യുന്നത്. ഭൂമി എന്ന മനോഹര ആരാമം നശിപ്പിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിയിലെ മനുഷ്യന്റെ നിലനിൽപ്പിനു തന്നെ ആധാരമാണ് ഋതുക്കൾ. 'ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും' എന്ന് പറയുന്നതുപോലെ പുനർനിർമിക്കാവുന്നതല്ല ഈ ഋതുഭേദങ്ങളും ജീവജാലങ്ങളും പ്രകൃതിയെത്തന്നെയും എന്ന് മനുഷ്യൻ മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

എന്താണ് നാം അനുഭവിച്ച പ്രളയത്തിന്റെ കാരണങ്ങൾ? പാടങ്ങൾ നികത്തിക്കൊണ്ടിരിക്കുന്ന പ്രവണത ഇനിയും ഉപേക്ഷിച്ചിട്ടില്ല എന്ന വസ്തുത ഏറെ വേദനാജനകമാണ്. മനുഷ്യൻ പ്രകൃതിക്കു നൽകിയ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പ്രളയം തിരികെ നൽകി.

മനുഷ്യൻ മാറേണ്ടിയിരിക്കുന്നു. ആദിമകാലജനത നൽകിയ നല്ല മൂല്യങ്ങൾ നാം തിരികെ വിളിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയെ സംരക്ഷിച്ചില്ലെങ്കിൽ പ്രതിഫലനങ്ങൾ ഭീകരമായിരിക്കും.

" ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ"


' ചിന്തിച്ച് ഉയരാം വേരുകൾ ഭൂമിയിലൂന്നി '

## വിദ്യാരംഗം സംസ്ഥാനതല കാവ്യാലാപനത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച

# അനുവിന്ദ സാജൻ



# മഹത് വചനങ്ങൾ....


Dream
is not that which you see while sleeping
it is something that Does Not Let You Sleep


"The Future
depends on
what you do Today."

# പ്രിലിമിനറി ക്ലാസ്സ്

21/6/2019 ൽ പുതിയ അദ്ധ്യയനവർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഹെഡ്മിസ്ട്രസ് സിസ്റ്റർ ജെസ്മിൻ നിർവഹിച്ചു. 9ാം ക്ലാസിലെ കുട്ടികൾക്ക് വേണ്ടിയുള്ള പ്രഥമിക ക്യാമ്പ് ശ്രീ. എബി സാറിന്റെ നേതൃത്വത്തിൽ നടന്നു.



# ഏകദിന ക്യാമ്പ്

**28/9/2019 ൽ 9ാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് വേണ്ടിയുള്ള ഏകദിന ക്യാമ്പ് കുട്ടമശ്ശേരി ഗവ. സ്കൂളിലെ സിനീജ ടീച്ചറിന്റെ നേതൃത്വത്തിൽ നടന്നു. അനിമേഷൻ, scratch എന്നിവ കുട്ടികൾ സ്വയം തയ്യാറാക്കി പ്രദർശിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട 8 കുട്ടികൾ ജില്ലാതല ക്യാമ്പിൽ പങ്കെടുത്തു.**



# പ്രിലിമിനറി ക്ലാസ്സ്

19/12/2019 ൽ 8◌ാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് വേണ്ടിയുള്ള പ്രഥമിക ക്യാമ്പ് മുപ്പത്തടം ഗവ. ഹൈസ്കൂളിലെ നസറിയ ഇ.എ എന്ന ആർപിയുടെ നേതൃത്വത്തിൽ നടന്നു.

38 ലിറ്റിൽകൈറ്റ്സ് കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.



# പ്രതിഭകളെ ആദരിക്കൽ

പൊതുവിദ്യഭ്യാസ വകുപ്പ് മുന്നോട്ട് വച്ച പ്രതിഭകളെ ആദരിക്കൽ എന്ന സംരംഭം വിവിധ മേഖലയിലെ പ്രതിഭകളെ ആദരിച്ചുകൊണ്ട് വർണ്ണാഭമായി നടത്തപ്പെട്ടു. നൃത്താധ്യാപിക സുധ പീതാംബരൻ, ജാതി കർഷക അവാർഡ് ജേതാവ് ശ്രീ. വർ ഗ്ഗീസ് കോയിക്കര, പ്രമുഖ വ്യവാസായി വി.കെ.ടി തങ്കച്ചൻ, ബാലതാരം ആദീഷ് പ്രവീൺ, സമൂഹപ്രവർത്തക, പൂർവ്വ വിദ്യാർത്ഥി ഡോ. സി. സുമ എസ്. ടി, പി എച്ച ഇ ടി കായികാധ്യപക ശ്രീമതി. സിൽജ ചാക്കോ, നാടകനടൻ ശ്രീ. കാഞ്ഞൂർ മത്തായി, എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു. കുട്ടികൾ അവരുമായി അഭിമുഖം നടത്തി













# ഗുരുശ്രേഷ്ഠർക്ക് യാത്രാമംഗളങ്ങൾ.....







# നന്ദി

ഡിജിറ്റൽ മാഗസിന്റെ നിർമ്മാണ പ്രക്രിയയിൽ സഹകരിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, നേതൃത്വം നൽകിയ കൈറ്റ് മാസ്റ്റേഴ്സ് ഷൈജി ടീച്ചർക്കും സി. ഡിൻസിയ്ക്കും മറ്റ് അദ്ധ്യാപകർക്കും പ്രോത്സാഹിപ്പിച്ച ഹെഡ്മിസ്ട്രസ് സി. ജെസ്മിനും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

സ്നേഹപൂർവം,

ലിറ്റിൽ കൈറ്റ്സ്